<u>പതിനാലാം കേരള നിയമസഭ</u>

<u>ഒൻപതാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 666</u> <u>24/01/2018-ൽ മറുപടിക്ക്</u>

**<u>തിരുവമ്പാടിയിലെ ചെറുകിട ജലവൈദ്യുത പദ്ധതികൾ</u>**

| | ചോദ്യം<br>**ശ്രീ.ജോർജ്ജ് എം. തോമസ്** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | തിരുവമ്പാടി മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിൽ വൈദ്യുതി ബോർഡ് വിഭാവനം ചെയ്യുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിവരം വിശദമാക്കാമോ: | (എ) | തിരുവമ്പാടി നിയോജക മണ്ഡലത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വിഭാവനം ചെയ്യുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. ഓലിക്കൽ - 5 MW<br>2. പൂവാരംതോട് - 3 MW<br>3. ചെമ്പുകടവ് മൂന്നാംഘട്ടം - 7.5 MW<br>4. മാരിപ്പുഴ - 6MW<br>**ആകെ - 21.5 MW**<br><br>ഈ പദ്ധതികളുടെ പ്രീകൺസ്ട്രക്ഷൻ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതികൾക്ക് വേണ്ട ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | നിശ്ചിത കാലയളവിൽ കമ്മീഷൻ ചെയ്യേണ്ട പദ്ധതികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; | (ബി) | പദ്ധതിക്കാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിലുള്ള കാലതാമസമാണ് പദ്ധതികൾ വൈകുന്നതിലുള്ള കാരണം. ചെമ്പുകടവ് മൂന്നാംഘട്ടം പദ്ധതിയ്ക്കായുള്ള സ്ഥലമേറ്റെടുക്കാൻ 2013 മാർച്ച് മാസത്തിലും മാരിപ്പുഴ പദ്ധതിയ്ക്കുവേണ്ടി സ്ഥലം ഏറ്റെടുക്കാൻ 2016 ജൂൺ മാസത്തിലും കോഴിക്കോട് ജില്ലാകളക്ടർക്ക് അപേക്ഷ സമർപ്പിച്ചതാണ്. വിവിധ സമയങ്ങളിൽ കോഴിക്കോട് സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ഓഫീസിൽ നിന്നും സ്ഥലം സന്ദർശിച്ചിട്ടുണ്ടെങ്കിലും ഈ |

| | | | |
|---|---|---|---|
| | | | രണ്ടു പദ്ധതികൾക്കു വേണ്ടിയുള്ള സ്ഥലത്തിന്റെ അടിസ്ഥാന വില ഇതുവരെ നിശ്ചയിച്ചിട്ടില്ല.<br><br>ഓലിക്കൽ പദ്ധതിക്കുവേണ്ടി 2585 ഹെക്ടർ സ്വകാര്യ ഭൂമിയും പൂവാരംതോട് പദ്ധതിക്കുവേണ്ടി 2522 ഹെക്ടർ സ്വകാര്യ ഭൂമിയും ഏറ്റെടുത്തുകഴിഞ്ഞിട്ടുണ്ട്. ശേഷിക്കുന്ന സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനായി നടപടികൾ പുരോഗമിക്കുന്നു. |
| (സി) | ഇത്തരം പദ്ധതികളുടെ അവലോകനത്തിനായി പ്രത്യേക യോഗം ചേരുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഇത്തരം പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി ഊർജ്ജ വകുപ്പ് മന്ത്രി, വകുപ്പ് സെക്രട്ടറി എന്നിവരുടെ അധ്യക്ഷതയിൽ പ്രത്യേകം പ്രത്യേകം യോഗങ്ങൾ ചേരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ